24047086

**QP CODE: 24047086**

**Reg No : .....................**

**Name : .....................**

## UNDER GRADUATE (CBCS) IMPROVEMENT/REAPPEARANCE/MERCY CHANCE EXAMINATIONS, DECEMBER 2024

**First Semester**

**Common Course II - ML1CCT01 - MALAYALAM-KADHA SAHITHYAM**

Common for all Model I B.A / B.Sc Programmes

2017 Admission Onwards

F731BAE0

Time: 3 Hours

Max. Marks : 80

**Part A**

*Answer any **ten** questions.*

*Each question carries **2** marks.*

1. 'പാമ്പ് ഭൂമിയുടെ അവകാശികളിൽ ഒരാളാണ്. ഇവിടെ സഹവർത്തിത്വമാണ് ആവിശ്യം" - ആരുടെ വാക്കുകൾ ? സന്ദർഭം എന്ത് ?

2. "അതുമതി, ഈശ്വരാ എനിക്കീ ഭാഗ്യങ്ങളൊക്കെ മതി" - എന്തെല്ലാമാണ് കഥയിലെ നായകൻ ചൂണ്ടിക്കാണിക്കുന്ന ഭാഗ്യങ്ങൾ ?

3. 'ഇനിയൊരു കാമുകിയുടെ ഭാവം എന്റെ മനസ്സിന്റെ ആഴങ്ങളിൽ എവിടെയെങ്കിലും ഉണ്ടായിരുന്നോ എന്ന് ചോദിച്ചാൽ എനിക്കതിനു ഉത്തരം പറയാൻ കഴിയില്ല" - ആരുടെ വാക്കുകൾ ? സന്ദർഭം എഴുതുക.

4. 'ഇത്രയായിരം കുഞ്ഞുങ്ങളുടെ ചോരയിലൂടെയാണോ ഒരു രക്ഷകൻ വരുന്നത് ? " - ഈ വാചകത്തിന്റെ പ്രസക്തിയെന്ത് ?

5. ' എന്റെ മനസ്സിൽ രൂപപ്പെട്ടുവരുന്ന ആശയങ്ങൾക്ക് മീതെ അവർ ഒരു ആട്ടുകല്ലെടുത്ത് വെക്കുന്നില്ല " - ആര് ? എന്താണ് വിവക്ഷിതം ?

6. "സ്നേഹിക്കാൻ അധൈര്യപ്പെടുന്നവർ എന്നാലോ സ്നേഹം വേണ്ടെന്നു വെയ്ക്കാനും ധൈര്യമില്ലാത്തവർ " - ഈ പ്രസ്താവനയുടെ അർത്ഥമെന്ത് ?

7. ബസ്മതി അരി ഗോപാൽയാദവ് ആദ്യമായി കണ്ട സന്ദർഭം എഴുതുക.

8. ആളൊഴിഞ്ഞ കല്ലറയ്ക്ക് മുമ്പിൽ നിന്ന രവിശങ്കർ അസ്വസ്ഥനായത് എന്തുകൊണ്ട് ?

9. മോദസ്ഥിതനായങ്ങ് വസിപ്പൂ' എന്ന കഥയുടെ സാംസ്കാരിക പശ്ചാത്തലം വിശദമാക്കുക.

10. 'അത് രക്ഷയിലേക്കുള്ള വഴികാട്ടിയാണ് " - വിശദമാക്കുക.

11. 'തലേന്ന് കണ്ണീരിന്റെ ദിവസമാണെങ്കിൽ പിറ്റേന്ന് സന്തോഷത്തിന്റെ ദിവസമാണ് " - സന്ദർഭം വിശദമാക്കുക.

12. കൊല്ലാൻ കൊണ്ടുപോവുന്ന അറവുമാടിന്റെ ദൈന്യതയാവും അപ്പോൾ അവന്റെ മുഖത്ത് ഉണ്ടാവുക ' - എപ്പോൾ ? വ്യക്തമാക്കുക.

(10×2=20)

**Part B**

*Answer any **six** questions.*

*Each question carries **5** marks.*

13. പൂവമ്പഴം എന്ന കഥയിലെ നായികയെ എങ്ങനെ ചിത്രീകരിച്ചിരിക്കുന്നു ?

14. ഭൂമിയുടെ അവകാശികൾ എന്ന കഥയിൽ കഥാനായകന്റെ ഭാര്യ ഉന്നയിക്കുന്ന വാദങ്ങൾ വിശദമാക്കുക

15. " നനവില്ലാത്ത പശിമയില്ലാത്ത തീരെ ഫലപുഷ്ടിയില്ലാത്ത ഒരു തരിശുനിലം പോലെ നഗ്നമായി കിടക്കുകയായിരിക്കും അവളുടെ ഹൃദയം " - തരിശുനിലം എന്ന കഥയിൽ ഈ വാചകത്തിന്റെ സാംഗത്യമെന്തെന്നു വിശദീകരിക്കുക

16. സൗഹൃദം, പ്രണയം ഇവയെക്കുറിച്ചുള്ള എഴുത്തുകാരിയുടെ സങ്കൽപം എന്തെന്ന് ഓരോ എഴുത്തുകാരിയുടെ ഉള്ളിലും എന്ന കഥയെ മുൻനിർത്തി ചർച്ച ചെയ്യുക.

17. തിരുത്ത് എന്ന കഥയുടെ സമകാലിക പ്രസക്തിയെന്ത് ?

18. അഗ്നി' എന്ന കഥയിലെ നായിക പ്രിയയുടെ കഥാപാത്രനിരൂപണം തയ്യാറാക്കുക.

19. "ഇനി ആ ജീവിതദുരന്തങ്ങളോട് പരമാവധി താദാത്മ്യപ്പെടുക എന്നതാണ് ഏറ്റവും അഭികാമ്യം " - പൊരുത്തപ്പെടലിന്റെ നിസ്സഹായത നജീബിൽ പ്രകടമാവുന്നതെങ്ങനെ ?

20. പരീക്ഷണങ്ങളെ സഹനബോധത്തോടെ അതിജീവിച്ച വ്യക്തിയാണ് നജീബ് ' - വിശദീകരിക്കുക.

21. ആടുകൾക്ക് നിഷേധിക്കപ്പെട്ട രതിയെ നജീബ് എങ്ങനെ കാണുന്നു ?

(6×5=30)

**Part C**

*Answer any **two** questions.*

*Each question carries **15** marks.*

22. മലയാളത്തിന്റെ കോമിക് ജീനിയസ്സാണ് വി.കെ.എൻ എന്ന അഭിപ്രായത്തിന്റെ സാധുത മാനാഞ്ചിറടെസ്റ്റ് എന്ന കഥയെ മുൻനിർത്തി ഉപന്യസിക്കുക

23. കടൽ എന്ന കഥയ്ക്ക് ഒരു ആസ്വാദനം എഴുതുക.

24. പാരിസ്ഥിതിക ദർശനം മലയാളം ചെറുകഥാ സാഹിത്യത്തിൽ ഒരു നവഭാവുകത്വത്തിനു ഇടയാക്കി' - പാഠഭാഗത്തെ അടിസ്ഥാനമാക്കി ചർച്ച ചെയ്യുക.

25. പ്രവാസി ജീവിതത്തിന്റെ പൊള്ളലിലൂടെ അതിജീവനത്തിന്റെ കഥ പറയുന്ന നോവലാണ് ആടുജീവിതം' - പരിശോധിക്കുക.

(2×15=30)